# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **85** **11.06.2014**-ൽ മറുപടിക്ക്

## 'സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനം'

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.എം.ഷാജി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രം അനുമതി നല്കിയ 125.5 കോടി രൂപയുടെ പദ്ധതി നടപ്പാക്കലിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ആശുപത്രിയുടെ നിശ്ചിത പരിധിക്കുള്ളിലെ ജനസംഖ്യ, ഒ.പി., ഐ.പി., പ്രസവ നിരക്ക് എന്നിവയെ അടിസ്ഥാനമാക്കി ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാന്റേർഡ്സ് അനുസരിച്ചുള്ള മാറ്റങ്ങളും നിർമ്മാണവുമാണ് സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസന ത്തിന് കേന്ദ്രം അനുമതി നല്കിയ 125.5 കോടി രൂപയുടെ പദ്ധതി നടപ്പാക്കലിന് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | പദ്ധതി പ്രകാരം ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിലാണ് വികസനം നടപ്പാക്കുകയെന്നും, എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുകയെന്നും വിശദമാക്കാമോ; | (ബി) | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, ജില്ലാ തല ആശുപത്രികൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യമായ പുതിയ നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളുമാണ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ വർഷം ഈ ഇനത്തിൽ കേന്ദ്രം അനുവദിച്ച 78.66 കോടി രൂപ ചെലവഴിച്ചതിന്റെ വിശദ വിവരം നല്കാമോ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം (2013-14)ൽ കേന്ദ്രം 97.06 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പ്രൈമറി ഹെൽത്ത് സെന്ററുകൾ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, ജില്ലാതല ആശുപത്രികൾ എന്നീ തലത്തിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യത്തിന് പുതിയ നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**